കെ. എസ്. എഫ്. ഇ. യുടെ പ്രവർത്തനം

18 (3550) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. എഫ്. ഇ. യുടെ പുതിയ ശാഖകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര എണ്ണം ; എവിടെയെല്ലാം ;

(സി) ശാഖകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) കെ. എസ്. എഫ്. ഇ. യുടെ പ്രവർത്തനം ലാഭത്തിലാണോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. (അനുബന്ധം കാണുക) †

(സി) ജനപ്രതിനിധികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരിൽനിന്ന് ലഭിക്കുന്ന നിവേദനങ്ങൾ പരിഗണിച്ച് ശാഖകൾ ലാഭകരമായി നടത്തുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർമാരുടെയും സർക്കാരിന്റെയും അനുമതിയോടെയാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

(ഡി) അതെ.

(ഇ) 1969-ൽ ആരംഭിച്ച കെ. എസ്. എഫ്. ഇ 1971-72 സാമ്പത്തികവർഷം മുതൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ മൂന്നു സാമ്പത്തികവർഷങ്ങളിലെ ലാഭത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു.

വർഷം	ലാഭം
1997-98	766 ലക്ഷം രൂപ
1998-99	550 ലക്ഷം രൂപ
1999-2000	1,279 ലക്ഷം രൂപ

ഈ കണക്ക് നികുതിയടയ്ക്കാനും കിട്ടാക്കടങ്ങൾക്കും വകയിരുത്തുന്നതിനുമുമ്പുള്ളതും, ഓഡിറ്റിംഗ് വിധേയമായിട്ടുള്ളതുമാണ്.

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 1

[29-3-2000 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 18 (3580)-ന്റെ ഉത്തരം കാണുക]

1.	കല്ലമ്പലം	തിരുവനന്തപുരം ജില്ല
2.	പാലോട്	തിരുവനന്തപുരം ജില്ല
3.	തിരുവനന്തപുരം	തിരുവനന്തപുരം ജില്ല (സായാഹ്ന ശാഖ)
4.	എഴുകോൺ	കൊല്ലം ജില്ല
5.	തട്ടാശ്ശേരി	കൊല്ലം ജില്ല
6.	പാരിപ്പള്ളി	കൊല്ലം ജില്ല
7.	ഓച്ചിറ	കൊല്ലം ജില്ല
8.	മുഖത്തല	കൊല്ലം ജില്ല
9.	കൊല്ലം	കൊല്ലം ജില്ല (സായാഹ്ന ശാഖ)
10.	തെക്കേക്കര	ആലപ്പുഴ ജില്ല
11.	ആലപ്പുഴ	ആലപ്പുഴ ജില്ല (സായാഹ്ന ശാഖ)
12.	ആറൻമുള	പത്തനംതിട്ട ജില്ല
13.	മുത്തകുന്നം	എറണാകുളം ജില്ല
14.	ഷൺമുഖം റോഡ്	എറണാകുളം ജില്ല
15.	എറണാകുളം	എറണാകുളം ജില്ല (സായാഹ്ന ശാഖ)
16.	അർപ്പൂക്കര	കോട്ടയം ജില്ല
17.	കോട്ടയം	കോട്ടയം ജില്ല (സായാഹ്ന ശാഖ)
18.	നെടുങ്കണ്ടം	ഇടുക്കി ജില്ല
19.	പട്ടിക്കാട്	തൃശൂർ ജില്ല
20.	കേച്ചേരി	തൃശൂർ ജില്ല
21.	തൃശൂർ	തൃശൂർ ജില്ല (സായാഹ്ന ശാഖ)
22.	ഷൊർണൂർ	പാലക്കാട് ജില്ല
23.	പാലക്കാട്	പാലക്കാട് ജില്ല (സായാഹ്ന ശാഖ)
24.	പൊന്നാനി	മലപ്പുറം ജില്ല

LIBRARY ARCHIVES Kerala Legislative Assembly

25.	മലപ്പുറം	മലപ്പുറം ജില്ല (സായാഹ്ന ശാഖ)
26.	വെസ്റ്റ് ഹിൽ	കോഴിക്കോട് ജില്ല
27.	ചെറുവന്നൂർ	കോഴിക്കോട് ജില്ല
28.	കോഴിക്കോട്	കോഴിക്കോട് ജില്ല (സായാഹ്ന ശാഖ)
29.	കണ്ണൂർ	കണ്ണൂർ ജില്ല (സായാഹ്ന ശാഖ)
30.	പുൽപ്പള്ളി	വയനാട് ജില്ല
31.	ചിറ്റാരിക്കൽ	കാസർഗോഡ് ജില്ല
32.	തൃക്കരിപ്പൂർ	കാസർഗോഡ് ജില്ല

അനുബന്ധം 2

[29-3-2000- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 28 (3560)-ന്റെ ഉത്തരം കാണുക]

ജില്ലയുടെ പേര്	കഴിഞ്ഞ വർഷത്തെ തുക (1999-2000)	ഈ വർഷത്തെ തുക (2000-2001)	ശതമാന കണക്കിൽ
തിരുവനന്തപുരം	18,77,39,675	26,81,36,101	+48.82
കൊല്ലം	11,79,41,555	19,86,05,930	+ 68.40
പത്തനംതിട്ട	4,95,80,000	8,47,03,999	+ 70.84
ആലപ്പുഴ	9,22,64,776	19,34,47,775	+106.67
കോട്ടയം	8,67,91,440	10,79,31,000	+ 24.36
ഇടുക്കി	57,74,000	62,59,000	+ 8.40
എറണാകുളം	3,36,45,000	7,11,36,000	+ 111.43
പാലക്കാട്	7,24,66,080	7,83,74,000	+ 8.15
മലപ്പുറം	7,17,100	11,99,000	+ 67.20
കോഴിക്കോട്	42,10,000	49,50,000	+ 17.58
വയനാട്	55,00,334	1,50,25,000	+ 173.16

LIBRARY ARCHIVES Kerala Legislative Assembly